## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3181 — 23.3.2015-ൽ മറുപടിയ്ക്ക്

### അച്ചടി വകുപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.പി.മുഹമ്മദ് : | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അച്ചടി വകുപ്പിൽ ഇപ്പോൾ ഏതൊക്കെ വകുപ്പുകളുടെ അച്ചടിയാണ് ഏൽപ്പിച്ചിട്ടുള്ളത് ;<br><br>(ബി) മറ്റ് വകുപ്പുകളുടെ അച്ചടി എന്ത് കാരണത്താലാണ് അച്ചടി വകുപ്പിനെ ഏൽപ്പിക്കാത്തത്;<br><br>(സി) പാഠ പുസ്തകങ്ങളുടെ അച്ചടി ഗവൺമെന്റ് പ്രസ്സിനെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വിതം എന്ന് വ്യക്തമാക്കാമോ ? | (എ), (ബി) & (സി) | 12.9.2011-ലെ സ.ഉ(കൈ)നം.213/11/ഉവിവ, 22.9.2011-ലെ സ.ഉ(കൈ)നം.231/11/ഉവിവ എന്നീ ഉത്തരവുകൾപ്രകാരം സർക്കാർ പാഠപുസ്തകങ്ങളുടെ അച്ചടി ജോലികളും വിവിധ സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികളും ഗവൺമെന്റ് പ്രസ്സ്, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്), സി.ആപ്റ്റ് എന്നീ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ടെക്സ്റ്റ് ബുക്ക്, ലോട്ടറി ടിക്കറ്റ്, പിആർഡി.യുടെ പ്രസിദ്ധീകരണങ്ങൾ എന്നിവ ഒഴികെ എല്ലാ സർക്കാർ വകുപ്പുകളുടേയും അച്ചടി ജോലികൾ ഗവ.പ്രസ്സുകളിൽ നിർവഹിച്ചുവരുന്നുണ്ട്. പാഠ പുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസി.ലും സി.ആപ്റ്റിലുമാണ് നിർവഹിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ